ആരോഗ്യ പരിപാലനത്തെക്കുറിച്ച് സമഗ്രമായി പഠിക്കുന്നതിന് വിദഗ്ധ സമിതി

170 (2211) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന് സ്വന്തമായി ഒരു ആരോഗ്യ നയം രൂപപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഇങ്ങനെ രൂപീകരിക്കുന്ന ആരോഗ്യനയത്തിൽ കേരളീയ സമൂഹത്തിന്റെ ആരോഗ്യപരിപാലനത്തെക്കുറിച്ച് സമഗ്രമായി പഠിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കുമോ ;

(സി) മരുന്നുകളുടെ വില നിയന്ത്രിക്കാൻ ഏകീകൃത നിയമ നടപടികൾ സ്വീകരിക്കുമോ ;

(ഡി) ഇപ്പോൾ സംസ്ഥാനത്തെ ആശുപത്രികളിലെ ഡോക്ടർമാരും സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാരും രോഗനിർണ്ണയം നടത്തുന്നതിനെ കുറിച്ചോ അവർ ചികിത്സയ്ക്കു മരുന്നുകൾ കുറിച്ച് നൽകുന്നതിനെക്കുറിച്ചോ ചികിത്സ നൽകി രോഗം ഭേദമാക്കുന്നതിനെക്കുറിച്ചോ ഒരു താരതമ്യ പഠനം നടത്തിയിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ പഠനം നടത്താൻ നടപടി സ്വീകരിക്കുമോ ;

(എഫ്) കേരളത്തിൽ പരിസര ശുചിത്വത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ജി) ഇങ്ങനെ നടപടികൾ സ്വീകരിച്ചിട്ടില്ലായെങ്കിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആരോഗ്യനയം രൂപപ്പെടുത്തുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

(ബി) ഇതിനായി ആരോഗ്യവകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള വിദഗ്ധ കർമ്മ സമിതിയും രൂപീകരിച്ചിട്ടുണ്ട്.

(സി) മരുന്നുകളുടെ വില നിയന്ത്രിക്കുവാൻ കേന്ദ്ര സർക്കാർ അത്യാവശ്യസാധന നിയമത്തിൻ കീഴിൽ ഔഷധ വില നിയന്ത്രണ ഉത്തരവ് നടപ്പാക്കിയിട്ടുണ്ട്. നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി ഔഷധ വില നിശ്ചയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാന സർക്കാരിന് ഇതിൽ ഒരു പങ്കും വഹിക്കാനില്ല. എങ്കിലും ന്യായവില സ്റ്റോറുകൾ വഴി സംസ്ഥാനത്ത് മരുന്നുകളുടെ വില നിയന്ത്രിക്കുവാൻ ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പരിശോധിക്കുന്നതാണ്.

(എഫ്) പരിസരശുചിത്വത്തിന്റെ ആവശ്യകതയെക്കുറിച്ചും ശുചിത്വകുറവുമൂലം രോഗങ്ങൾ ഉണ്ടാകുന്നതിനെക്കുറിച്ചും ജനങ്ങൾക്ക് ബോധവൽക്കരണം നടത്തി വരുന്നു. പഞ്ചായത്തുകളും കോർപ്പറേഷനുകളും മുൻകൈ എടുത്ത് വിവിധ മേഖലകളുടെ സഹായത്തോടുകൂടി ഖരദ്രവ മാലിന്യങ്ങളുടെ സംസ്ക്കരണത്തിനുവേണ്ടി കർമ്മ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്.

(ജി) ചോദ്യം ഉദിക്കുന്നില്ല.

പൊതുജനാരോഗ്യ കേസുകൾ വിലയിരുത്തുന്നതിന് സംവിധാനങ്ങൾ

171 (2216) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുജനാരോഗ്യ നിയമപ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ചാർജ് ചെയ്യപ്പെട്ട നിലവിലുള്ള 'ന്യൂയിസൻസ്' കേസുകളുടെ എണ്ണം ജില്ല തിരിച്ചു വ്യക്തമാക്കാമോ ;

(ബി) പൊതുജനാരോഗ്യ നിയമ പ്രകാരം ചാർജ് ചെയ്യപ്പെട്ട കേസ്സുകളിൽ നിന്നും പിഴ ഇനത്തിൽ 2002-2003 വർഷത്തിൽ എത്ര തുക സംസ്ഥാന ഖജനാവിൽ എത്തിയിട്ടുണ്ട് ;

(സി) പൊതുജനാരോഗ്യ നിയമം നടപ്പിലാക്കുന്നതിനുവേണ്ടി 2002-2003 വർഷത്തിൽ സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) 1-1-2003-നുശേഷം സംസ്ഥാനത്തുണ്ടായ 'നോട്ടിഫൈഡ് ഡിസീസസ്' തടയുന്നതിനായി പൊതുജനാരോഗ്യ നിയമപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ എന്തെല്ലാമാണ് ;

(ഇ) പൊതുജനാരോഗ്യ നിയമപ്രകാരം ചാർജ് ചെയ്യപ്പെടുന്ന കേസ്സുകൾവിലയിരുത്തുന്നതിനായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സംവിധാനങ്ങൾ ഉണ്ടോ ; ഉണ്ടെങ്കിൽ അവ എന്തെല്ലാമാണ് ?

ഉത്തരം

(എ) 1. തിരുവനന്തപുരം
2. കൊല്ലം
3. കോട്ടയം
4. പത്തനംതിട്ട
5. ആലപ്പുഴ
6. ഇടുക്കി
7. എറണാകുളം

} ഇല്ല

LIBRARY ARCHIVES Kerala Legislative Assembly